(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഡി&ഇ) കിഴക്കൻ മേഖലയിലെ കേന്ദ്ര പൂളിൽ നിന്നുമുള്ള വൈദ്യുതിയാണ് വാങ്ങിയത്. ആയതിനാൽ മറ്റ് സംസ്ഥാന വിദ്യുച്ഛക്തി ബോർഡുകളിൽ നിന്നുമുള്ള വൈദ്യുതി ലഭ്യത ആരാഞ്ഞിരുന്നില്ല.

പുതിയ വൈദ്യുതി കണക്ഷനുകൾ

97 (264) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ ഗാർഹിക, വ്യാവസായിക, കാർഷിക മേഖലയിൽ നൽകി; ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) 2000 ജനുവരി 31 വരെ എത്ര അപേക്ഷകർക്ക് ഈ ഇനങ്ങളിൽ കണക്ഷൻ നൽകേണ്ടതുണ്ട്; ജില്ല തിരിച്ചുള്ള ലിസ്റ്റ് വെളിപ്പെടുത്താമോ ;

(സി) റാപ്പിഡ് കണക്ഷൻ പദ്ധതി പ്രകാരം എത്ര കണക്ഷനുകൾ നൽകി ;

(ഡി) ഈ സ്കീമിന്റെ വ്യവസ്ഥകൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഗാർഹിക, വ്യാവസായിക, കാർഷിക മേഖലയിലെ ജില്ല തിരിച്ചുള്ള വൈദ്യുതി കണക്ഷനുകൾ ചുവടെ ചേർക്കുന്നു.

ജില്ല	ഗാർഹികം	വ്യവസായികാ	കാർഷികം
(1)	(2)	(3)	(4)
കാസർഗോഡ്	32,002	515	7,797
കണ്ണൂർ	70,722	1,756	4,329
വയനാട്	22,701	335	1,058
കോഴിക്കോട്	77,877	2,604	1,592
മലപ്പുറം	89,565	1,579	9,489
പാലക്കാട്	58,980	1,700	7,240
തൃശ്ശൂർ	1,01,579	4,091	17,040
എറണാകുളം	1,02,951	4,053	3,138
ഇടുക്കി	37,942	642	1,275

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
കോട്ടയം	91,409	2310	1,640
ആലപ്പുഴ	64,711	1,381	1,056
പത്തനംതിട്ട	36,994	645	296
കൊല്ലം	86,443	2,440	1,376
തിരുവനന്തപുരം	1,04,851	1,833	3,446

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു

ജില്ല	ഗാർഹികം	വ്യാവസായികം	കാർഷികം
കാസർഗോഡ്	8,799	9	1,604
കണ്ണൂർ	21,096	20	726
വയനാട്	5,663	7	326
കോഴിക്കോട്	27,860	551	48
മലപ്പുറം	34,837	27	1,931
പാലക്കാട്	29,990	143	1,133
തൃശ്ശൂർ	15,429	29	2,532
എറണാകുളം	17,970	42	380
ഇടുക്കി	15,339	16	199
കോട്ടയം	22,870	31	94
ആലപ്പുഴ	17,376	18	55
പത്തനംതിട്ട	9,590	5	1
കൊല്ലം	19,869	19	28
തിരുവനന്തപുരം	23,266	21	233

(സി) 421 കണക്ഷനുകൾ നല്കി.

(ഡി) എൻ.റ്റി. പോസ്റ്റ് ആവശ്യമില്ലാത്ത 35 മീറ്റർ വരെയുള്ള വെതർപ്രൂഫ് കാറ്റഗറിയിൽപ്പെടുന്നവർക്കുമാത്രമായി റാപ്പിഡ് കണക്ഷൻ സ്കീം പരിമിതപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം അപേക്ഷ നൽകി

LIBRARY ARCHIVES Kerala Legislative Assembly

വയറിംഗ് പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി ഡി.ഡിയും സർവ്വീസ് കണക്ഷൻ ചാർജ്ജും അടച്ച് രജിസ്റ്റർ ചെയ്തതിനുശേഷം റാപ്പിഡ് കണക്ഷന് അപേക്ഷിക്കാം. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ചതിനുശേഷം അപേക്ഷ സ്വീകരിക്കുകയും സ്റ്റാറ്റിക് എനർജി മീറ്ററും കണക്ഷൻ കൊടുക്കാൻ ആവശ്യമായ കേബിളും കൺസ്യൂമർ സ്വന്തം ചെലവിൽ വാങ്ങി വച്ച് നിലവിലുള്ള റാപ്പിഡ് കണക്ഷൻ ചാർജ്ജ് കൺസ്യൂമർ അടച്ചാൽ ഏഴ് ദിവസത്തിനകം കണക്ഷൻ നല്കുന്നതാണ്;

ചെങ്ങന്നൂർ സബ്സ്റ്റേഷന്റെ എക്സ്പാൻഷൻ പണി

98 (265) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചെങ്ങന്നൂർ സബ്സ്റ്റേഷൻ എക്സ്പാൻഷൻ ജോലി പൂർത്തിയായിട്ടും വൈദ്യുതി തടസ്സം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവർത്തനത്തിലെ അപാകതയിലാണോ വൈദ്യുതി തടസ്സം ഉണ്ടാകുന്നത് എന്നതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഏതെല്ലാം ജോലികളാണ് ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ജോലിക്ക് എത്ര തുക ചെലവാക്കി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ സബ്സ്റ്റേഷന്റെ വിപുലീകരണ ജോലികൾ 15-11-1999-ൽ ഭാഗികമായി പൂർത്തിയായി എങ്കിലും പള്ളം-ഇടപ്പോൾ 110 കെ.വി. ലൈനിലെ വികസന പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരുന്നതിനാൽ 15-1-2000 വരെ ചെങ്ങന്നൂർ സബ്സ്റ്റേഷനിൽ ഭാഗികമായി വൈദ്യുതി തടസ്സം ഉണ്ടായിരുന്നു.

(ബി) നിർമ്മാണപ്രവർത്തനങ്ങളിൽ യാതൊരുവിധ അപാകതയും ഉണ്ടായിട്ടില്ല. പള്ളം-ഇടപ്പോൾ 110 കെ.വി. ലൈനിലെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ഓഫ് ചെയ്ത അവസരത്തിൽ ഇടപ്പോൾ സബ്സ്റ്റേഷൻ ഫീഡ് ചെയ്തത് കക്കാട് ജനറേറ്റിംഗ് സ്റ്റേഷനിൽ നിന്നും പത്തനംതിട്ട വഴിയുള്ള 110 കെ.വി. ഫീഡറിൽ കൂടിയായിരുന്നു. പ്രസ്തുത ഫീഡറിലെ ഓവർലോഡ് കാരണം ഇടപ്പോളിൽ നിന്നും വിതരണം നടത്തുന്ന സബ്സ്റ്റേഷനുകളിൽ ഭാഗികമായി ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. പള്ളം-ഇടപ്പോൾ 110 കെ.വി.ലൈനിലെ വികസന പ്രവർത്തനങ്ങൾ 15-1-2000-ൽ പൂർത്തികരിച്ചിട്ടുണ്ട്. അതിനു ശേഷം വൈദ്യുതി തടസ്സം ഉണ്ടായിട്ടില്ല.

(സി) പള്ളം-ഇടപ്പോൾ നം.1, നം.11 110 കെ.വി. ഫീഡറുകൾ ചെങ്ങന്നൂർ സബ്സ്റ്റേഷനിൽ വച്ച് നാല് 110 കെ.വി ഫീഡറുകളാക്കി.

LIBRARY ARCHIVES Kerala Legislative Assembly